# INTERNATIONAL INDIAN SCHOOL DAMMAM
# ANNUAL EXAMINATION 2017-2018
# MIDDLE SECTION

**CLASS : VII** — **DURATION : 3 HOUR**
**SUBJECT: MALAYALAM** — **MAXIMUM MARKS: 80**

**I താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മനുഷ്യചേതനയ്ക്കുണ്ടായിട്ടുള്ള മഹത്തായ നേട്ടങ്ങളുടെ ആകെ തുകയാണ് സംസ്കാരം. അറിവും തിരിച്ചറിവും സംസ്കാരത്തിന്റെ പ്രധാന ഘടകങ്ങളാണ്. ഭാഷ, സാഹിത്യം, കല, വിദ്യാഭ്യാസം, സാമ്പത്തികവും സാമൂഹികവുമായ സംവിധാനക്രമങ്ങൾ എന്നിങ്ങനെ വ്യത്യസ്തമായ മേഖലകളിലെല്ലാം തന്നെ ഒരു ജനത കൈവരിച്ചിട്ടുള്ള കൂട്ടായ നേട്ടങ്ങളുടെ അന്തസ്സാരത്തെയാണ് സംസ്കാരം പ്രതിനിധാനം ചെയ്യുന്നത്. സംസ്കാരത്തിൽ ഭാഷയ്ക്കുള്ള സ്വാധീനം പോലെ ശക്തമാണ് ഭാഷയിൽ സംസ്കാരത്തിന്റെ സ്വാധീനവും. അങ്ങനെ നമ്മുടെ ഭാഷയേയും സംസ്കാരത്തേയും പരസ്പരം സമന്വയിപ്പിക്കുന്ന ആറ്റിക്കുറുക്കിയ കവിതകളാണ് പഴഞ്ചൊല്ലുകൾ. പ്രധാനപ്പെട്ട പഴഞ്ചൊല്ലു - കൾക്ക് ഉദാഹരണങ്ങളാണ് ചൊട്ടയിലെ ശീലം ചുടലവരെ, ഉപ്പുതിന്നവൻ വെള്ളം കുടിക്കും എന്നിവ. ചൊല്ലുകൾ അറിഞ്ഞിരുന്നാൽ മാത്രം പോരാ അവ ഉചിതമായ സ്ഥലത്തും സമയത്തും പ്രയോഗിക്കാനുള്ള ഔചിത്യം വേണം. ദൈനംദിനജീവിതത്തിന്റെ കഷ്ടപ്പാടുകളും ദുരിതങ്ങളും കാണാനും ഇരുത്തി ചിന്തിപ്പിക്കാനും സഹായിക്കുന്നതോടൊപ്പം തന്നെ പഴയ മനുഷ്യന്റെ വികാരങ്ങളും സൗന്ദര്യസങ്കല്പവും ഒത്തൊരുമയുമെല്ലാം നമുക്ക് പഴഞ്ചൊല്ലുകളിൽ ദർശിക്കാൻ കഴിയും. ലാളിത്യം, പ്രസാദം, ഒഴുക്ക്, വൈചിത്ര്യം, താളം, ഫലിതം, താരതമ്യം, അന്യോപദേശം എന്നിവ - യെല്ലാം ശബ്ദാലങ്കാരങ്ങളുടേയും അർത്ഥാലങ്കാരങ്ങളുടേയും കലവറയായ പഴഞ്ചൊല്ലുകളുടെ സവിശേഷതകളാണ്

1.എന്തൊക്കെയാണ് പഴഞ്ചൊല്ലുകളിൽ നമുക്ക് ദർശിക്കാൻ കഴിയുന്നത് ? — 2

2.എന്താണ് പഴഞ്ചൊല്ലുകൾ ? രണ്ട് ഉദാഹരണമെഴുതുക ? — 2

3.പഴഞ്ചൊല്ലുകളുടെ സവിശേഷതകളെന്തൊക്കെയാണ് ? — 2

4.എന്തിനെയാണ് സംസ്കാരം പ്രതിനിധാനം ചെയ്യുന്നത് ? — 2

5.എന്താണ് സംസ്കാരം ? സംസ്കാരത്തിന്റെ പ്രധാനഘടകങ്ങൾ എന്തൊക്കെയാണ് ? 2

## II ആശയവിപുലനം 5 marks

1. വിദ്യാധനം സർവ്വധനാൽ പ്രധാനം

## III പദ്യംപൂരിപ്പിക്കുക ( 8 LINES ) 4marks

1. മലരണിക്കാടുകൾ ____________
____________ നിന്നെത്തിനോക്കി

## IV ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക 5 x 1 = 5

( ദീ , ല്ല് , ശ്വാ , തീ , ബ , ന്ത്യാ , മ്പ , ഡ്യാ , ല് , ധീ )

1. സ ____ ദീപം 2. വിളം ____ രം 3. പാറക്ക ____ 4. പ്ര ____ കം
5. നി ____ സവായു

## V അർത്ഥമെഴുതുക 5 x 1 = 5

1.നീലാംബരം 2.നിവസിക്കുക 3.കല്ലോലം 4.സന്നിധി 5.പ്രതികരണം

## VI വിപരീതപദമെഴുതുക 5 x 1 = 5

1.ആകർഷണം 2.മൃദുലം 3.സമത്വം 4.വിശാലം 5.ഉന്നതർ

## VII പര്യായപദമെഴുതുക 5 x 1 = 5

1.കൊതുക് 2.കോപം 3.സ്ഥാനം 4.പല്ല് 5.ശബ്ദം

## VIII നാനാർത്ഥമെഴുതുക 2 x 1 = 2

1.മരതകം 2.ശ്രേണി

## IX വിഗ്രഹിക്കുക 5 x 1 = 5

1.കൊതുകുതിരി 2.ഉത്തമശിഷ്യൻ 3.ത്യാഗധനന്മാർ 4.ഗുരുപത്നി
5.സാഹിത്യശാഖ

**X ചേർത്തെഴുതുക** 5 x 1 = 5

1.ത്യാഗ + ഉജ്ജ്വലം 2.മുളി + പാട്ട് 3.നിന്ന് + എത്തി
4.ദാരുണം + ആയി 5.വീര + ആരാധന

**XI പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** 5 x 1 = 5

1.രോഗങ്ങൾ 2.കറയറ്റ 3.ആട്ടിപ്പായിക്കുക 4.കഴുത്തറ്റം 5.ബലമായി

**XII വാക്യത്തിൽപ്രയോഗിക്കുക ( ANY TWO )** 2 x 1 = 2

1.ചർച്ചാവിഷയം 2.അതിവിശിഷ്ടം 3.തൊട്ടതിനും പിടിച്ചതിനും

**XIII ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 5x 1 = 5

1.നൗജവാൻ ഭാരത്സഭ രൂപീകരിച്ചതെന്ന് ?

( 1936 , 1926 , 1929 )

2.കൊതുകിന് ഇരയെ കണ്ടെത്താനുള്ള മുഖ്യ ആകർഷണഘടകമെന്താണ് ?

( ഓക്സിജൻ , നൈട്രജൻ , കാർബൺഡയോക്സൈഡ് )

3.ഏത് ഗൂഢാലോചനക്കേസിൽ പ്രതിയാക്കിയാണ് ഭഗത്സിംഗിനെ തൂക്കിക്കൊന്നത് ?

( ലാഹോർ , ജാലിയൻവാലാബാഗ് , ലായപ്പൂർ )

4.ടാഗോറിന്റെ പ്രസിദ്ധമായ ബാലസാഹിത്യകൃതിയേത് ?

( ഗീതാഞ്ജലി , കാബൂളിവാല , ഇളംചുണ്ടുകൾ )

5.ഒരു ഗ്രാമരംഗം എന്ന കവിത ഏത് കൃതിയിൽ നിന്നും എടുത്തതാണ് ?

(സങ്കല്പകാന്തി , ബാഷ്പാഞ്ജലി , രമണൻ )

**XIV ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** 3 x 2 = 6

1.എപ്പോഴാണ് പൂമഴ പെയ്യുന്നത് ?

2.എന്തായിരുന്നു സുകുമാരന്റെ ഉദ്ദേശ്യം ? അതിനു കാരണമെന്തായിരുന്നു ?

3.ഗുരുകുല വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതിയിൽ എന്തെല്ലാം ഉൾപ്പെട്ടിരുന്നു ?

**XV രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2 x 3 = 6**

1.ശാന്തിനികേതനത്തിലെ അധ്യാപകരുടെ വൈശിഷ്ട്യം എന്തായിരുന്നു ?

2.കൊതുക് രക്തം കുടിക്കുന്നതെങ്ങനെ ?

**XVI മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **1 x 5 = 5**

1.കൊതുകുതിരികൾ കൊതുകുകളെ ചെറുക്കുന്നതെങ്ങനെ ?

**OR**

2.വൈസ്രോയിക്കും മറ്റുന്നത ബ്രിട്ടീഷുദ്യോഗസ്ഥർക്കും ഭഗത്സിംഗിനോട് പക തോന്നാൻ കാരണമെന്ത് ?

****** ***BEST OF LUCK*** ******